SUNDAY 03/08/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/08/2025

1. എസ്. എഫ്. എ. സി കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന 'കാർഷിക വിവര സങ്കേതം കർഷക കോൾ സെൻറർ' എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കർഷകർക്ക് കൃഷി സംബന്ധമായ ഏതൊരു സംശയവും ടോൾ ഫ്രീ നമ്പറായ "1800 425 1661* മുഖേന വിളിച്ച് ചോദിക്കുകയോ, രോഗകീടബാധയേറ്റ വിളയുടെ ചിത്രം വാട്സ്ആപ് നമ്പറായ "9447051661 എന്നതിലൂടെ അയച്ച് കൊടുത്ത് സംശയനിവാരണം നടത്താവുന്നതുമാണ്.

2. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കരയുള്ള ബയോടെക്നോളജി ഡിപ്പാർട്മെന്റിൽ ടിഷ്യൂക്കൾച്ചർ ഗ്രാൻഡ് നെയ്ൻ വാഴതൈകൾ 20 രൂപ നിരക്കിലും നല്ലയിനം ഇഞ്ചിതൈകൾ 5 രൂപ നിരക്കിലും വില്പനക്ക്. ബന്ധപ്പെടേണ്ട നമ്പർ:. 9048178101

### പരിശീലന പരിപാടി

1. കാർഷിക മേഖലയിലെ തൊഴിൽ സാധ്യത വിപുലപ്പെടുത്തുന്നതിനായി വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന സെൻറർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫറിന്റെയും (CAITT, വെള്ളായണി) ഹൈദരാബാദ് മാനേജിൻറെയും (MANAGE) സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന അഗ്രിക്ലിനിക്ക് ആന്റ് അഗ്രിബിസിനസ്

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സെന്റേഴ്സ് സ്കീമിൻ്റെ ഭാഗമായി 45 ദിവസത്തെ സൗജന്യ പരിശീലനപരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ, ഡയറി സയൻസ്, അനിമൽ ഹസ്ബെൻ്ററി, ഫിഷറീസ്, ഫോറസ്ട്രി, അഗ്രികൾച്ചൾ എഞ്ചിനീയറിങ്, ബയോടെക്നോളജി, ഹോം സയൻസ്, കമ്യൂണിറ്റി സയൻസ്, ഫുഡ് ടെക്നോളജി, ഫുഡ് ന്യൂട്രീഷ്യൻ & ഡയറ്റെറ്റിസ്, എൻവിയോൺമെൻ്റൽ സയൻസ്, ബോട്ടണി, സുവോളജി, കെമസ്ട്രി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദവും, +2 പാസായ ശേഷമുള്ള 3 വർഷത്തെ അഗ്രികൾച്ചർ ഡിപ്ലോമ കോഴ്സ് പടിച്ചവർക്കും അപ്രക്ഷിക്കാവുന്നതാണ്. പ്രായ പരിധി 21 മുതൽ 60 വയസ്സ് വരെ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് വ്യക്തിഗത സംരംഭങ്ങൾ തുടങ്ങുവാനായി 20 ലക്ഷം രൂപ വരെയും. അഞ്ച് അംഗങ്ങളടങ്ങുന്ന ഗ്രൂപ്പുകൾക്ക് ഒരു കോടി രൂപ വരെയും ബാങ്ക് വായ്പ ലഭിക്കും. പൊതു വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് വായ്പ തുകയുടെ 36 ശതമാനം വരെ സബ്സിഡിയും വനിതകൾക്കും, ഷെഡ്യൂൾഡ് കാസ്റ്റ്/ ഷെഡ്യൂഡ് ട്രൈബ് വിഭാഗത്തിൽ ഉള്ളവർക്ക് 44 ശതമാനം വരെയും സബ്സിഡി ലഭിക്കും. വായ്പാ സഹായം ലഭിക്കുവാനുള്ള പരമാവധി പ്രായം 62 വയസ്സാണ്. പദ്ധതിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ആഗസ്റ്റ് 20 നകം http://acabcmis.gov.in എന്ന പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദമായ വിവരങ്ങൾക്ക് www.agriclinics.net

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന വെബ്സൈറ്റ് സന്ദർശിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9447495778, 8891540778 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 19, 20, 21, 22, 23 തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് ശാസ്ത്രീയ പശുപരിപാലനം എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിൻ്റെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ 14-08-2025 ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **"പോത്ത് വളർത്തൽ"** എന്ന വിഷയത്തിൽ 06/08/2025 ന് പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ അടിസ്ഥാന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 എന്ന നമ്പറിൽ ഓഫീസ് സമയത്ത് വിളിച്ച്

മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

4. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് 12.08.2025, 13.08.2025,14.08.2025 തീയതികളിലായി കോഴിക്കോട്, വയനാട്,മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ലാബ് അസിസ്റ്റന്റ്/പ്രൊക്യൂർമെൻ്റ് ന് പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ ആധാർ കാർഡിൻ്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താൽപര്യമുള്ളവർ 8-08-2025 വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

5. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഗസ്റ്റ് മാസം 6 മുതല് 26 വരെ കർഷകർക്ക് വിവിധ പരിശീലന പരിപാടികൾ നടത്തുന്നു., ഓഗസ്റ്റ് 6, 7 തീയതികളിൽ മുട്ടകോഴി വളർത്തൽ, 12 ന് ടർക്കികോഴി വളർത്തൽ, 20, 21 തീയതികളിൽ കറവപശു പരിപാലനം, 26 ന് മുയൽ വളർത്തൽ എന്നീ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0469 -2965535.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദേശം**

1. ശരിയായ പരിചരണം കൊണ്ട് മാത്രം നാളികേരോല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. ജൈവവളങ്ങളും രാസവളങ്ങളും ശുപാർശയ്ക്കനുസരിച്ച് കൃത്യ സമയത്ത് ചേർക്കണം. തെങ്ങിന് ഏറ്റവും കൂടുതൽ ആവശ്യമുള്ള മൂലകമാണ് പൊട്ടാഷ്, കട്ടി കൂടിയ കാമ്പ്, കൂടുതൽ കൊപ്ര, കൂടുതൽ മച്ചിങ്ങ പിടിത്തം, രോഗപ്രതിരോധശേഷി, വരൾച്ചയെ അതിജീവിക്കാനുള്ള കരുത്ത് എന്നിവയ്ക്ക് പൊട്ടാഷ് ആവശ്യമാണ്. മഴ തുടരുന്നതു കൊണ്ട് വളം ഈ സമയത്ത് ചേർത്തു കൊടുക്കാം. എന്നിരുന്നാലും ശക്തമായി മഴ തുടരുന്ന സ്ഥലങ്ങളിൽ വളം ഒലിച്ചുപോകാൻ സാധ്യതയുള്ളതിനാൽ വളപ്രയോഗം മഴ കുറയുന്ന സമയത്ത് ചെയ്യുന്നതാണ് അഭികാമ്യം. സങ്കരയിനങ്ങൾക്കും ഉല്പാദനശേഷിയുള്ള മറ്റിനങ്ങൾക്കും 370 ഗ്രാം യൂറിയ, 530 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 670 ഗ്രാം പൊട്ടാഷ് എന്ന തോതിൽ വളം ആവശ്യമാണ്. ചെന്നീരൊലിപ്പ് തടയുന്നതിന് തെങ്ങിന് 5 കി.ഗ്രാം വീതം വേപ്പിൻ പിണ്ണാക്ക് ചേർക്കുന്നത് നല്ലതാണ്. രോഗം ബാധിച്ച തെങ്ങിൽ, കറ ഒലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി അവിടെ ബോർഡോ കുഴമ്പ് തേയ്ക്കണം. ടൈക്കോഡെർമ ഒരു കിലോഗ്രാം, 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടിയുമായി ചേർത്ത് തെങ്ങിന്റെ ചുവട്ടിൽ ഇട്ടു കൊടുക്കുന്നത് രോഗ നിയന്ത്രണത്തിന് സഹായിക്കും.